# THE PLANTATION CORPORATION OF KERALA LTD

(An ISO 9001:2015 Certified Company under Government of Kerala)
**Registered Office: KOTTAYAM-686 004**
CIN:U01119KL1962SGC001997

☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com


PRO/F-110/CR/963 29.05.2025

**ടെണ്ടർ നോട്ടീസ്**

**കശുമാവ് ഏരിയയിലെ ഇടവിളക്കൃഷി / തൈ സംരക്ഷണ പ്രവൃത്തി- ഇ-ടെൻഡർ കം ഇ-ഓക്ഷൻ/ സീൽഡ് ടെൻഡർ മുഖേന**

പ്ലാന്റേഷൻ കോർപ്പറേഷന്റെ രാജപുരം എസ്റ്റേറ്റിലെ താഴെപ്പറയുന്നതായ കശുമാവ് റീപ്ലാന്റിംഗ് ഏരിയകളിൽ 2022, 2023, 2024 വർഷം നട്ടിട്ടുള്ളതും, 2025 വർഷം നടുന്നതുമായ കശുമാവ് തൈകൾക്ക് സംരക്ഷണം നൽകികൊണ്ട് 3 വർഷക്കാലത്തേക്ക് ഇടവിളക്കൃഷി / തൈപരിപാലനം എന്നീ പ്രവൃത്തികൾ കരാറടിസ്ഥാനത്തിൽ നൽകുന്നതിനുള്ള ടെണ്ടർ കേരള സർക്കാരിന്റെ വെബ് പോർട്ടലായ https://etenders.kerala.gov.in വഴിയും, സീൽഡ് ടെണ്ടർ വഴിയും, താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നടത്തുന്നു. ആയതു പ്രകാരം ഇടവിളക്കൃഷി / തൈ സംരക്ഷണ പ്രവൃത്തികൾക്കായി കോർപ്പറേഷന് അംശാദായമായി നൽകേണ്ട തുകയുടെ വാഗ്ദാനം 11.06.2025 തീയതിയിൽ 11.30 എ.എം. സമയം വരെ ഇ-പോർട്ടൽ വഴിയോ സീൽഡ് ടെണ്ടർ വഴിയോ സമർപ്പിക്കാവുന്നതാണ്.

**പ്രവൃത്തി- പ്ലാന്റേഷൻ കോർപ്പറേഷന്റെ രാജപുരം എസ്റ്റേറ്റിലെ താഴെപ്പറയുന്നതായ കശുമാവ് റീപ്ലാന്റിംഗ് ഏരിയകളിൽ 36 മാസം സ്വന്തം ചെലവിൽ പൈനാപ്പിൾ/ഇഞ്ചി/മഞ്ഞൾ/ കപ്പ / വാഴ എന്നിവ ഇടവിളയായി കൃഷി ചെയ്ത്, അംശാദായം കോർപ്പറേഷന് നൽകിക്കൊണ്ട്, കശുമാവ് തൈകൾക്ക് 3 വർഷക്കാലത്തേക്ക് പുതയിടൽ, തണൽകുത്തൽ, കാട്ടുവെട്ടൽ, വളമിടൽ, മറ്റു രോഗപ്രതിരോധപ്രവർത്തനങ്ങൾ എന്നിവ ക്രേതാവ് സ്വന്തം ചെലവിൽ നടത്തി തൈകൾ വന്യജീവികളുടെയും, മറ്റു ക്ഷുദ്രജീവികളുടെയും ആക്രമണങ്ങളിൽ നിന്നും സംരക്ഷിച്ചു തരുന്നതിന്.**

| SL. NO. | Estate & District | Division | Block | Area (Ha.) (Approx.) | Yr. of Planting |
|---|---|---|---|---|---|
| 1. | Rajapuram, Kasargode | Panathur | Panathoor –II | 15.00 | 2022 |
| 2. | Rajapuram, Kasargode | Panathur | Panathoor - I | 30.80 | 2023 |
| 3. | Rajapuram, Kasargode | Panathur | Kammady – IA | 28.62 | 2023 |
| 4. | Rajapuram, Kasargode | Panathur | Kammady – IB | 72.16 | 2023 |
| 5. | Rajapuram, Kasargode | Panathur | Kammady –II | 37.67 | 2024 |
| 6. | Rajapuram, Kasargode | Panathur | Panathoor - V | 40.48 | 2025 |
| 7. | Rajapuram, Kasargode | Panathur | Panathoor -VI | 31.52 | 2025 |
| 8. | Rajapuram, Kasargode | Panathur | Kalleppally -I | 88.16 | 2025 |
| 9. | Rajapuram, Kasargode | Panathur | Kammady II | 40 | 2025 |
| 10. | Rajapuram, Kasargode | Painikkara | Mundot | 25 | 2025 |

**ഇ-ടെൻഡർ കം ഇ-ഓക്ഷൻ/സീൽഡ് ടെൻഡർ നിബന്ധനകൾ**

1. മേൽ പ്രവൃത്തിക്ക് പ്രതിഫലമായി ക്രേതാവിന് നൽകുന്നത് നിർദിഷ്ട റീപ്ലാന്റിംഗ് ബ്ലോക്കുകളിൽ ക്രേതാവ് കൃഷി ചെയ്തിട്ടുള്ള ഇടവിളകളിൽ നിന്ന് ആദായം വിൽപന നടത്തുന്നതിനുള്ള അവകാശമാണ്. ഇപ്രകാരം ഹെക്ടർ ഒന്നിന് അംശാദായമായി (ടി-ഏരിയയിലെ തൈകളുടെ തുടർവർഷങ്ങളിലെ പരിപാലത്തിനായി) ക്രേതാവ് കോർപറേഷന് നൽകാൻ തയാറുള്ള മൂന്ന് വർഷത്തെ മൊത്തമായ തുകയാണ് (ടാക്സ് ഒഴികെ) ഇ-ദർഘാസ്/ദർഘാസിൽ രേഖപ്പെടുത്തേണ്ടത്.
2. ഇ-ടെണ്ടർ കം ഇ-ഓക്ഷനിലും, സീൽഡ് ടെണ്ടറിലും രേഖപ്പെടുത്തിയിട്ടുള്ള തുകകളിൽ ഏതാണോ കൂടുതൽ അതായിരിക്കും കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്. കരാർ കാലാവധി, എഗ്രിമെന്റ് വച്ചതിനുശേഷം കോർപ്പറേഷൻ ഏരിയ കരാറുകാരനെ ഏൽപ്പിക്കുന്ന ദിവസം മുതൽ 42 മാസം (കലണ്ടർ മാസം) ആയിരിക്കും. ആയതിൽ അവസാനത്തെ 6 മാസം ഇടവിളയായി കൃഷി ചെയ്തിട്ടുള്ള ചെടികളുടെ അവശിഷ്ടം നീക്കം ചെയ്യുന്നതിനുള്ളതാണ്.
3. ഇടവിളയായി നടുന്നതിനുള്ള പൈനാപ്പിൾ/ഇഞ്ചി/മഞ്ഞൾ/ കപ്പ / വാഴ എന്നിവ ക്രേതാവ് സ്വന്തം ചെലവിൽ വാങ്ങി, ഏരിയയിൽ എത്തിച്ച് നടേണ്ടതാണ്.
4. ഓരോ കശുമാവ് തൈകൾക്കും 1.5 മീറ്റർ ചുറ്റളവിലും, കയ്യാലക്ക ചേർന്നുള്ള ഭാഗത്ത് ഒന്നര അടി വീതിയിലും, ടെറസ്സ് പൂർണ്ണമായും, എസ്റ്റേറ്റ് റോഡുകളും കൈവഴികളും ഒഴിച്ചിട്ട് ബാക്കിയുള്ള സ്ഥലംമാത്രമേ ഇടവിള കൃഷിക്കായി ഉപയോഗിക്കാൻ പാടുള്ളൂ.
5. ഇടവിളകൃഷിക്കായി ഏരിയയിൽ ഉപയോഗിക്കുന്ന രാസവസ്തുക്കൾ സംസ്ഥാന കൃഷി വകുപ്പിന്റെ അംഗീകാരമുള്ളതും യാതൊരുവിധത്തിലും കോർപ്പറേഷൻറെ തൈകൾകളുടെ സ്വാഭാവിക വളർച്ചയെ തടസ്സപ്പെടുത്താൻ പാടില്ലാത്തതുമാണ്.
6. ഇ-ടെൻഡർ / സീൽഡ് ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം 11.06.2025, 11:30 എ.എം. വരെയാണ്. ഇ-ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് 12.06.2025, 12:30 പി.എം-ന് ശേഷം ഓരോ ബ്ലോക്കിനും 45 മിനുട്ട് സമയം ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിന് അവസരമുണ്ടാകുന്നതാണ്. ഇ-ലേലത്തിൽ നൽകാവുന്ന കുറഞ്ഞ വർദ്ധനവ് 1000/- രൂപ (ആയിരം രൂപ) ആയിരിക്കുന്നതാണ്. ഇ-ഓക്ഷനിൽ പങ്കെടുക്കുന്നവർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങളും, ടെണ്ടറുകൾ തുറക്കുന്ന സമയവും ഇതോടൊപ്പം അനുബന്ധിച്ചിരിക്കുന്നു.
7. 11.06.2025-ൽ നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്നതായ സീൽഡ് ടെണ്ടറുകൾ അന്നേദിവസം തുറക്കുന്നതല്ലാത്തതും, ആയവ അപ്പോൾ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ മുദ്ര വച്ച് രാജപുരം എസ്റ്റേറ്റ് കാര്യാലയത്തിൽ സൂക്ഷിക്കുന്നതും, 13.06.2025-ൽ ഇ-ടെണ്ടറിന്റെ ഭാഗമായിട്ടുള്ള ഇ-ഓക്ഷൻ കഴിയുന്ന മുറയ്ക്ക് ഹെഡ് ഓഫീസിൽ നിന്നും എസ്റ്റേറ്റ് മാനേജർക്ക് അറിയിപ്പ് നൽകുന്നതും അതിനു ശേഷം മാത്രം സീൽഡ് ടെൻഡറുകൾ അപ്പോൾ സന്നിഹിതരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഇ-ടെണ്ടറിലും സീൽഡ് ടെണ്ടറിലും രേഖപ്പെടുത്തിയിട്ടുള്ള തുകകളിൽ ഏതാണോ കൂടുതൽ ആയത് ടെൻഡർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുന്നതുമാണ്.
8. ടെൻഡർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താൽ, പൊതു അവധി തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ ടി ടെൻഡർ നടത്തുന്നതായിരിക്കും.
9. ഇ-ടെൻഡർ /സീൽഡ് ടെൻഡർ സ്വീകരിക്കുന്നതായ അവസാന തീയതിയിൽ കോർപ്പറേഷന് സ്വീകാര്യമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലാത്ത പക്ഷം ആവശ്യമെങ്കിൽ ടെൻഡർ തിയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ലഭിച്ചിട്ടുള്ളതായ ടെൻഡറുകൾ തുറക്കുന്നതല്ലാത്തതും ടെൻഡർ നൽകിയിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ ആദ്യ EMD ഉപയോഗിച്ചുകൊണ്ടുതന്നെ വീണ്ടും നിശ്ചിത തീയതിക്കകം പുതുക്കിയ വാഗ്ദാനം നൽകുന്നതിന് അനുവദിക്കുന്നതുമാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കൂടിയ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.

10. ടെണ്ടറിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ടെണ്ടർ നൽകുന്നതിനു മുൻപായി മേൽപ്പറഞ്ഞ എസ്റ്റേറ്റുകളിലെ തോട്ടങ്ങൾ നേരിട്ട് സന്ദർശിച്ച് നിജസ്ഥിതി ബോധ്യപ്പെടേണ്ടതാണ്. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരിൽ ലഭിക്കുന്നതാണ്.

| ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | യൂണിറ്റ് | മൊബൈൽ/ലാൻഡ് നമ്പർ |
|---|---|---|---|
| ശ്രീ.സന്തോഷ് എം. | ജനറൽ മാനേജർ (ഓപ്പറേഷൻസ്) | ഹെഡോഫീസ് | 9496076004, 9447142369 0481-2578301-04 |
| ശ്രീ.യു.സജീവ് | മലബാർ ഗ്രൂപ്പ് മാനേജർ | കാസർഗോഡ് | 9447204200, 9605992079, 0499-4250223 |
| ശ്രീ. ജി. അരുൺകുമാർ | മാനേജർ | രാജപുരം | 8547099101, 9447269076, 9496076066, 0467-2227247 |

11. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇ-ടെണ്ടർ മുഖാന്തിരവും, അല്ലെങ്കിൽ സീൽഡ് ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്.
12. ഇ-ടെണ്ടർ/സീൽഡ് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെണ്ടർ ഫോം ഒന്നിന് 118/- രൂപയും, നിരതദ്രവ്യം ബ്ലോക്ക് ഒന്നിന് 5,000/-(അയ്യായിരം) രൂപയുമാണ്.
13. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിക്കുക.
14. ഇ-ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെണ്ടർ വ്യവസ്ഥകൾ ഇ-പോർട്ടലിൽ നിന്നും ഡൌൺലോഡ് ചെയ്യേണ്ടതും, വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മത പത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെണ്ടർ കണ്ടീഷനും, മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയോ അല്ലെങ്കിൽ ഹെഡ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ (A/c Holder : PCK, ബാങ്ക്: CANARA BANK, ശാഖ: KANJIKUZHY, അക്കൗണ്ട് നമ്പർ: 2964201000003, IFSC CODE: CNRB0002964))RTGS/ NEFT/ Electronic payments മുഖാന്തിരം അടച്ചതിന്റെ രേഖയുടെ സ്കാൻഡ് കോപ്പിയും, ക്രേതാവിന്റെ തിരിച്ചറിൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പിയും, ടെണ്ടർ ഫീസ്സ് (Rs.118/-) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ് ലോഡ് ചെയ്യേണ്ടതുമാണ്. D.D./RTGS/ NEFT/ Electronic payments സംബന്ധിച്ച വിവരങ്ങൾ അപ് ലോഡ് ചെയ്യുന്ന ടെണ്ടർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി-ടെണ്ടർ നിരാകരിക്കുന്നതാണ്. ഒറിജിനൽ D.D. ടെണ്ടർ തുറക്കുന്ന സമയത്തിന് മുൻപായി പിസികെ ഹെഡ് ഓഫീസ്സ് വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.
15. സീൽഡ് ടെണ്ടർ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 118-രൂപ ഫീസടച്ച് (നികുതി ഉൾപ്പടെ), ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, രാജപുരം എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ തുറക്കുന്നതിന്റെ തലേദിവസം വൈകിട്ട് നാലുമണിക്ക് മുൻപായി വാങ്ങേണ്ടതാണ്. ഓരോ ബ്ലോക്കിനും പ്രത്യേകം പ്രത്യേകം നിരതദ്രവ്യമായ തുക 5000 രൂപ രാജപുരം എസ്റ്റേറ്റ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ മാറത്തക്ക വിധം ഡി ഡി ആയോ, അതുമല്ലെങ്കിൽ RTGS/ NEFT/ Electronic payments മുഖാന്തിരമോ ടെണ്ടർ തുറക്കുന്ന ദിവസത്തിന് മുൻപായി അടച്ചിരിക്കേണ്ടതും, ആയതിന്റെ രേഖ രാജപുരം എസ്റ്റേറ്റിൽ ടെണ്ടർ സമർപ്പിക്കുന്നതിനൊപ്പം സമർപ്പിക്കേണ്ടതുമാണ്. ദർഘാസ്സ് നമ്പർ, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി മുദ്രവച്ച കവറുകൾ ദർഘാസ് വ്യവസ്ഥകളിൽ ഒപ്പ് രേഖപ്പെടുത്തി, തിരിച്ചറിയൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പികളും, ടെണ്ടർ നിരതദ്രവ്യം അടച്ച രേഖയും സഹിതം 11.06.2025, 11:30 A.M മണിക്ക് മുൻപായി ടെണ്ടർ രാജപുരം എസ്റ്റേറ്റ് ഓഫീസിൽ നല്കിയിരിക്കേണ്ടതാണ്.

16. ഇ-ദർഘാസിലൂടെയോ, സീൽഡ് ദർഘാസിലൂടെയോ ഭാഗികമായോ, പൂരിപ്പിക്കാതെയോ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
17. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലും പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.
18. ടെൻഡർ പ്രകാരം ക്രേതാവിനു ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
19. കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിങ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമമായിരിക്കും. എന്തെങ്കിലും വ്യവഹാരം ഉണ്ടാകുന്ന പക്ഷം ആയതിന്റെ അധികാര പരിധി കോട്ടയം അധികാരാതിർത്തിയിലുള്ള കോടതികളിൽ മാത്രമായിരിക്കും.
20. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
21. ക്രേതാവ് നിയമപരമായ നികുതികൾ അടക്കാൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ, കരാർ സംബന്ധമായ എല്ലാ ജോലികളും ക്രേതാവിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലും, ചുമതലയിലും ആയിരിക്കും. എല്ലാ നിയമങ്ങൾക്കും വിധേയമായിക്കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ ആക്രമണം, ഇതര അപകടങ്ങൾ, ക്രേതാവിന്റെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നത് ഉൾപ്പടെയുള്ള ബാധ്യതകൾ തുടങ്ങിയവ).
22. ക്രേതാവ് കോർപ്പറേഷനിൽ അടക്കേണ്ട തുക യഥാസമയം അടയ്ക്കുന്നതിന് വീഴ്ച്ച വരുത്തിയാൽ, അടക്കേണ്ട തുകയും, അടക്കേണ്ട തുകയ്ക്ക് ആഴ്ച്ച ഒന്നിന് 1/2 % എന്ന നിരക്കിൽ പിഴപ്പലിശയും സഹിതം അടച്ചുതീർക്കുന്നതിനു പരമാവധി 15 ദിവസം കൂടി അനുമതി നൽകുന്നതാണ്. തുടർന്നും തുക അടച്ചു തീർക്കാത്ത പക്ഷം കരാർ ഉടമ്പടി റദ്ദു ചെയ്യുന്നതും, ജാമ്യ നിക്ഷേപ തുക കണ്ടുകെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതും ആയിരിക്കും. കൂടാതെ ക്രേതാവിന്റെ നഷ്ടോത്തരവാദിത്വത്തിൽ, ആവശ്യമെങ്കിൽ കരാർ പ്രവൃത്തികൾ പുനഃക്രമീകരണം ഏർപ്പെടുത്തി പൂർത്തീകരിക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതാണ്. കൂടാതെ ക്രേതാവിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുൾപ്പെടെയുള്ള നിയമനടപടികളും സ്വീകരിക്കുന്നതായിരിക്കും.
23. ടെണ്ടർ ഉറപ്പിച്ചുകിട്ടുന്ന ക്രേതാവ് താഴെപറയും പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി കെട്ടി വയ്ക്കേണ്ടതും, 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെൻറ് വെക്കേണ്ടതുമാണ്.
    a.30 ഹെക്ടർ വരെയുള്ള ഏരിയയ്ക്ക് അടങ്കൽതുക 1,00,000 രൂപ
    b.30 ഹെക്ടറിൽ കൂടുതലുള്ള ഏരിയയ്ക്ക്, ഒരു ഹെക്ടറിന് 3,000 രൂപ നിരക്കിൽ (കുറഞ്ഞത് 1,00,000 രൂപ; പരമാവധി 3,00,000 രൂപ)
24. സെക്യൂരിറ്റി ഡെപ്പോസിറ്റ് ടെണ്ടർ കാലാവധി പൂർത്തിയാക്കി ജോലികൾ തൃപ്തികരമായി തീർത്തതിനുശേഷം ഒരു മാസത്തിനുള്ളിൽ പലിശരഹിതമായി തിരികെ നൽകുന്നതായിരിക്കും.
25. കേരളാ കാർഷീക സർവകലാശാലയുടെ കശുമാവ് കൃഷിക്കായുള്ള "package of practises" ന് വിധേയമായി അഗ്രോ-മാനേജ്മെന്റ് സമ്പ്രദായങ്ങൾ (പുതയിടൽ, തണൽകുത്ത്, കാടുവെട്ടൽ, വളമിടൽ, രോഗപ്രതോരോധപ്രവർത്തനങ്ങൾ തുടങ്ങിയവ) യഥാസമയം ക്രേതാവിന്റെ സ്വന്തം ചെലവിൽ നിർവഹിക്കേണ്ടതാണ്.
**26.** കീടനാശിനികളും മറ്റും ഏരിയയിൽ ഉപയോഗിക്കുമ്പോൾ കേരളാ കാർഷീക സർവകലാശാലയുടെ / കൃഷിവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് .
27. കശുമാവിന് ഇടവിളയായി പൈനാപ്പിൾ/ഇഞ്ചി/മഞ്ഞൾ/ കപ്പ / വാഴ എന്നിവ കൃഷി ചെയ്തിട്ടുള്ള മൊത്തം ഏരിയക്കാണ് (സർവ്വേ പ്രകാരം) കരാർ പ്രകാരമുള്ള തുക മേൽ പ്രവർത്തിക്ക് ക്രേതാവ് കോർപ്പറേഷനിൽ അടക്കേണ്ടത്.
28. കരാർ പ്രകാരം ക്രേതാവ് കോർപ്പറേഷന് നൽകാനുള്ള തുകയുടെ ഷെഡ്യൂൾ കരാർ ഉറപ്പിക്കാനായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയുമായി/സ്ഥാപനവുമായി കൂടിയാലോചന നടത്തി തീരുമാനിക്കുന്നതായിരിക്കും.

29. വന്യമൃഗങ്ങളിൽ നിന്നും റീ-പ്ലാന്റിങ് ഏരിയ സംരക്ഷിക്കുന്നതിനായി ഫലപ്രദമായ സൌരോർജ്ജ വേലി റീ-പ്ലാന്റിങ് ഏരിയയ്ക്ക് ചുറ്റും ക്രേതാവ് സ്വന്തം ചെലവിൽ നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. കൂടാതെ, വന്യമൃഗങ്ങൾ തോട്ടത്തിൽ പ്രവേശിക്കാതെ മുഴുവൻ സമയവും കാവൽ ഏർപ്പെടുത്തേണ്ട ഉത്തരവാദിത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും.

30. കരാർ കാലാവധി കഴിയുമ്പോൾ, ബ്ലോക്കുകളിൽ നിർമിച്ചിരിക്കുന്ന സൗരോർജ്ജവേലിയുടെയും അനുബന്ധ ഉപകരണങ്ങളുടെയും അവകാശം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും.

31. കരാർ കാലയളവിൽ ഓരോ വർഷവും മാർച്ച് മാസം 31-ാം തിയതിക്ക് മുമ്പായി കശുമാവ് തൈകൾ മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന കമ്മറ്റി പരിശോധിച്ച് തൈകളുടെ വളർച്ച, എണ്ണം, പരിപാലനം എന്നിവ തൃപ്തികരമാണെന്ന് ഉറപ്പുവരുത്തുന്നതായിരിക്കും. ആദ്യവർഷവും, രണ്ടാം വർഷവും കശുമാവ് തൈകൾ നഷ്ടപ്പെട്ടാൽ അത്രയും എണ്ണം കശുമാവ് തൈകൾ കരാറുകാരൻ, കോർപ്പറേഷൻ നിർദ്ദേശിക്കുന്ന നഴ്സറിയിൽ നിന്ന് കോർപ്പറേഷൻ നിർദ്ദേശിക്കുന്ന ഇനം തൈകൾ സ്വന്തം ചെലവിൽ വാങ്ങി പൂർണ്ണമായും നട്ടു തരേണ്ടതാണ്. കൂടാതെ രണ്ടാം വർഷം 10 ശതമാനത്തിൽ കൂടുതൽ തൈകൾ നഷ്ടപ്പെട്ടാൽ, അധികമായി നഷ്ട്ടപ്പെടുന്ന തൈ ഒന്നിന് 1000/- രൂപ വീതം നഷ്ടം ഈടാക്കുന്നതുമാണ്. മൂന്നാം വർഷം കരാർ കാലാവധി തീർത്ത് പിരിയുന്നതിന് മുൻപായി 15 ശതമാനത്തിൽ കുടുതൽ തൈകൾ നഷ്ടപ്പെട്ടാൽ അധികമായി നഷ്ട്ടപ്പെടുന്ന തൈ ഒന്നിന് 3000/- രൂപ വീതവും കരാറുകാരനിൽ നിന്ന് നഷ്ടം ഈടാക്കുന്നതായിരിക്കും.

32. കരാർ കാലയളവിൽ, ക്രേതാവോ ടി-യാന്റെ ജോലിക്കാരോ എസ്റ്റേറ്റിനുള്ളിലോ പരിസരങ്ങളിലോ വന്യമൃഗങ്ങളെ വേട്ടയാടുകയോ ആയതിനു സഹായിക്കുകയോ മറ്റെന്തെങ്കിലും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ഏർപ്പെടുകയോ സഹായിക്കുകയോ ചെയ്യാൻ പാടില്ല. വിപരീതമായി പ്രർത്തിച്ചാൽ കരാർ റദ്ദുചെയ്യുന്നതും, സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ടുകെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതുമായിരിക്കും.

Sd/

**മാനേജിംഗ് ഡയറക്ടർ**

**പ്രഖ്യാപനം: ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ച മനസ്സിലാക്കുകയും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.**

| | | |
|---|---|---|
| 1a. | ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര് , വീട്ടുപേര്, കര, വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) | |
| b. | ടിയാന്റെ വയസ്സ് | |
| c. | ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ | |
| d | മൊബൈൽ നമ്പർ | |
| e. | അച്ഛന്റെ പേര് | |

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം:

തീയതി:

**THE PLANTATION CORPORATION OF KERALA LTD.**

**<u>ഇ-ടെണ്ടറിലൂടെ രാജപുരം എസ്റ്റേറ്റിലെ കശുമാവ് ഏരിയയിലെ ഇടവിളക്കൃഷി / തൈ സംരക്ഷണ പ്രവൃത്തിക്കായുള്ള ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർക്ക് ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ</u>**

1. ഇ-ടെണ്ടർ സമർപ്പിക്കാവുന്ന അവസാന തീയതി 11.06.2025 11:30 എ.എം വരെയാണ്. ഇ-ഓക്ഷൻ ഓരോ ബ്ലോക്കിനും നിശ്ചയിച്ചിട്ടുള്ള സമയക്രമത്തിൽ ഇ-ടെണ്ടർ പോർട്ടലിലൂടെ തുടങ്ങുന്നതായിരിക്കും.
2. ഇ-ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളവർ ഇ-ഓക്ഷൻ തുടങ്ങുന്ന സമയം നിർബന്ധമായും ഇ-ടെണ്ടർ പോർട്ടലിൽ കയറി "View Live Auction" ഓപ്ഷനിൽ ക്ലിക്ക് ചെയ്ത് ഇ-ഓക്ഷനിൽ പങ്കെടുക്കാവുന്നതാണ്.
3. View Live Auction-ലൂടെ ഇ-ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും ഉയർന്ന തുക കാണാവുന്നതും താല്പര്യപ്പെടുന്ന പക്ഷം വർദ്ധിപ്പിക്കാവുന്ന ഏറ്റവും കുറഞ്ഞ നിരക്കും (increment value), ഇ-ഓക്ഷൻ അവസാനിക്കുന്ന സമയവും കാണാവുന്നതാണ്.
4. ഏറ്റവും ഉയർന്ന തുകയ്ക്ക് മുകളിൽ വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, നിർദ്ദിഷ്ട കോളത്തിൽ (increment value) ഉയർത്താൻ ഉദ്ദേശിക്കുന്ന ഉയർന്ന തുകയോടു കൂട്ടി (ഉയർത്താവുന്ന ഏറ്റവും കുറഞ്ഞ തുക 1,000/- (ആയിരം രൂപ) ആയിരിക്കും) ഇ-ഓക്ഷൻ നടക്കുന്ന സമയത്ത് സമർപ്പിക്കേണ്ടതാണ്.
5. ഇ-ഓക്ഷൻ അവസാനിക്കുന്ന അവസാന പത്ത് മിനിറ്റിൽ ആരും നിരക്ക് ഉയർത്തിയില്ലെങ്കിൽ ഇ-ഓക്ഷൻ മുൻ നിശ്ചയിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. എന്നാൽ ഇ-ഓക്ഷൻ അവസാനിക്കുന്ന അവസാന പത്ത് മിനിറ്റിൽ ആരെങ്കിലും 1,000/- രൂപയോ അതിൽ കൂടുതലോ രേഖപ്പെടുത്തിയാൽ ഇ-ഓക്ഷൻ ഓട്ടോമാറ്റിക്കായി വീണ്ടും 10 മിനിറ്റ് ദീർഘിപ്പിക്കപ്പെടുന്നതാണ്.
6. ഇ-ഓക്ഷൻ സംബന്ധിച്ച വിശദവിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

മേൽ വിവരിച്ച വിവരങ്ങൾ സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ടെണ്ടർ ചെയ്യുന്ന സമയത്ത് ഉണ്ടായാൽ താഴെപ്പറയുന്ന ഏതെങ്കിലും നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**Contact Nos.- 7593938769, 9048614891, 9447850027, 9995722564**

# E-tender cum auction /Sealed tender- Replanting area Intercropping/Maintenance Work – Rajapuram Estate Bid submission time, Auction time & Bid opening time of each block

| ക്രമ. നം. | ഡിവിഷൻ | ബ്ലോക്ക് | ഏരിയ (Ha.) (Approx.) | പ്ലാന്റിംഗ് വർഷം | ഇ-ടെണ്ടർ / സീൽഡ് ടെണ്ടർ സമർപ്പിക്കേണ്ടതായ അവസാന തീയതി | ഇ-ഓക്ഷൻ തുടങ്ങുന്ന സമയം (45 മിനുട്ട്) | ടെണ്ടറുകൾ തുറക്കുന്ന സമയം | ഇ-ടെണ്ടർ / സീൽഡ് ടെൻഡറുകൾ തുറക്കുന്ന സ്ഥലം |
|---|---|---|---|---|---|---|---|---|
| 1. | Panathur | Panathoor –II | 15.00 | 2022 | 11.06.2025 11:30 a.m | 12.06.2025 12.30 pm. | 13.06.2025 04.00 pm. (ഇ-ഓക്ഷന് ശേഷം) | സീൽഡ് ടെണ്ടർ: രാജപുരം എസ്റ്റേറ്റ് ഓഫീസ് <br> ഇ-ടെണ്ടർ – ഹെഡ് ഓഫീസ്, കോട്ടയം |
| 2. | Panathur | Panathoor - I | 30.80 | 2023 | | 12.06.2025 1.30 pm. | | |
| 3. | Panathur | Kammady – IA | 28.62 | 2023 | | 12.06.2025 2.30 pm. | | |
| 4. | Panathur | Kammady – IB | 72.16 | 2023 | | 12.06.2025 3.30 pm. | | |
| 5. | Panathur | Kammady –II | 37.67 | 2024 | | 12.06.2025 4.30 pm. | | |
| 6. | Panathur | Panathoor - V | 40.48 | 2025 | | 13.06.2025 10.30 am. | | |
| 7. | Panathur | Panathoor -VI | 31.52 | 2025 | | 13.06.2025 11.30 am. | | |
| 8. | Panathur | Kalleppally -I | 88.16 | 2025 | | 13.06.2025 12.30 pm. | | |
| 9. | Panathur | Kammady II | 40 | 2025 | | 13.06.2025 1.30 pm. | | |
| 10. | Painikkara | Mundot | 25 | 2025 | | 13.06.2025 2.30 pm. | | |

**NB:** ഏതെങ്കിലും കാരണവശാൽ ഇ-ഓക്ഷൻ ഓഫീസ് പ്രവർത്തിസമയത്തിനു ശേഷം തുടരുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ 10.30-ന് മുദ്ര വച്ച ദർഘാസ് / ഇ-ദർഘാസ് തുറക്കുന്നതായിരിക്കും.

.......................